LIBRARY ARCHIVES Kerala Legislative Assembly

കാടൻമൂല-കൊച്ചുതുരുത്ത് പാലത്തിന്റെ നിർവ്വഹണ പുരോഗതി

350 (5075) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

ചവറ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കാടൻമൂല-കൊച്ചുതുരുത്ത് പാലത്തിന്റെ നിർവ്വഹണ പുരോഗതി അറിയിക്കുമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം ഈ പ്രവൃത്തി നടപ്പിലാക്കുന്നില്ല.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

351 (5076) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ചുനക്കര ഗ്രാമപഞ്ചായത്തിലെ കരിമുളക്കൽ ജംഗ്ഷന്റെ നവീകരണത്തിനായി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എന്നാൽ പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) കരിമുളക്കൽ ജംഗ്ഷൻ നവീകരണത്തിന് അനുവദിച്ച തുക കുഴിവിള-മേപ്പള്ളി റോഡിനായി അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; പ്രസ്തുത തുക കുഴിവിള-മേപ്പള്ളി റോഡിനായി അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

പരിശോധിക്കുന്നതാണ്.